


ഗണേശ സപര്യ





# ശ്രേഷ്ഠനായ ഗുരുവര്യൻ

**സംഗീതരത്ന മുക്കുമണി ഗോപാലകൃഷ്ണൻ**
എ ടോപ്പ് ഗ്രേഡ് വീണ ആർട്ടിസ്റ്റ്,
(എ ഐ ആർ & ദൂരദർശൻ), തിരുവനന്തപുരം.

സംസ്കൃതമോ, സംസ്കൃതപദബഹുലമോ ആണ് എല്ലാം കർണാടക സംഗീത സാഹിത്യവും. കീർത്തനാർഥം അറിഞ്ഞാലല്ലെ ഭാവം ഉണ്ടാകുകയുള്ളൂ. അപ്പോൾ ഭാവം കിട്ടാനും, കീർത്തനാർഥം കിട്ടാനും സംസ്കൃതജ്ഞാനം വേണം. ശബ്ദം നല്ല സ്ഫുടമായി ഉച്ചരിക്കാനും സംസ്കൃത പഠനം ആവശ്യമാണ്.

ശർമ്മ സാറിന് സംഗീതത്തിൽ കേൾവി ജ്ഞാനമുണ്ട്. പ്രഗത്ഭരായ സംഗീതജ്ഞരോടല്ലേ സഹവാസം. അപ്പോൾ അങ്ങനെയല്ലാതെ വരികയില്ലല്ലോ. നമ്മുടെ മനസ്സിൽ ഭാവം ജനിക്കുന്നതരത്തിൽ കീർത്തനാർഥം ശർമ്മസാർ പറഞ്ഞു തരും. അദ്ദേഹം പറഞ്ഞുതന്നെ നോട്ടുകളെല്ലാം ഇപ്പോഴുമുണ്ട്. ഇടയ്ക്കിടെ അവ മറിച്ചു നോക്കും.

കോപമേ ഇല്ല, വളരെ സൗമ്യഭാവം, അദ്ദേഹത്തിന് വഴക്കു പറയാൻ തന്നെ അറിയത്തില്ല എന്നാണ് എനിക്ക് തോന്നുന്നത്. എന്ത് ആത്മാർതയോടെയാണ് പഠിപ്പിച്ചിരുന്നത്. എല്ലാം ബോർഡിൽ എഴുതി പഠിപ്പിക്കും.

ഞാൻ 1949ൽ സംഗീത അക്കാദമിൽ പഠിക്കാൻ ചേർന്നു. 1957ൽ അവിടെ ജോലിക്കു പ്രവേശിച്ചു. മുത്തയ്യാ ഭാഗവതരുടെയും, ശെമ്മങ്കുടി ശ്രീനിവാസഭാഗവതരുടെയും പ്രഗത്ഭമായ നേതൃത്വത്തിൽ നഷ്ടപ്പെട്ടുപോകുമായിരുന്ന സ്വാതിതിരുനാൾ കൃതികൾ കണ്ടെത്തി, ശർമ്മസാറും, കൃഷ്ണമാചാര്യരും ചേർന്ന് എഡിറ്റ് ചെയ്ത് 1949ൽ പ്രകാശനം ചെയ്ത കൃതി, സംഗീതലോകത്തിന് ഒരു വലിയ സംഭാവനയാണ്

ശർമ്മാസാർ സംഗീത അക്കാദമിയിൽ ജോലി നോക്കുമ്പോൾ വളരെ പ്രഗത്ഭരായ സംഗീത വിദ്വാന്മാരായിരുന്നു സഹപ്രവത്തകർ. കെ. എ. കൃഷ്ണമാചാര്യർ, അപ്പു ഭാഗവതർ (തിയറി) കെ. എസ്. നാരായണസ്വാമി (വീണ) കെ കെ ശിവരാമയ്യർ (വീണ), എൻ. വി. നാരായണ ഭാഗവതർ (വോക്കൽ, എച്ച് ഒ ഡി) നെല്ലായ് കൃഷ്ണമൂർത്തി, കെ. ആർ. കുമാരസ്വാമി, സി. എസ് കൃഷ്ണയ്യർ (വോക്കൽ), കല്ലട ക്കുറുച്ചി ഹരിഹരയ്യർ, മധുര കേശവ ഭാഗവതർ, എൻ.ജി. സീതാ രാമയ്യർ, 1956ൽ വയലിൻ വകുപ്പ് തുടങ്ങി യപ്പോൾ ചാലക്കുടി നാരായണസ്വാമി, പാർവതികുട്ടി എന്നിവർ അദ്ധ്യാപകരായിരുന്നു. 1960 ൽ മാവലിക്കര വേലുക്കുട്ടി നായർ മൃദംഗംവകുപ്പ് അദ്ധ്യാപകനായി വന്നു. ഇവർക്കെല്ലാം തന്നെ ശർമ്മാ സാറിനെ കുറിച്ച് നല്ല അഭിപ്രായമായിരുന്നു. സ്റ്റാഫ് മുറിയിൽ നടക്കുന്ന ചർച്ചകളിലും, സംഭാഷണങ്ങളിലും താൽപര്യം കാട്ടാറില്ല. എപ്പോഴും സംസ്കൃത പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കും.

വെറുതെയുള്ള സ്വകാര്യ സംഭാഷണത്തിന് വിളിച്ചാൽ ചിരിച്ചുകൊണ്ട് വിനയത്തോടെ ഒഴിഞ്ഞു മാറുമെന്ന് എന്റെ അമ്മാവൻ നെല്ലായ് കൃഷ്ണമൂർത്തി സാർ തന്നെ ഒരിക്കൽ പറയുന്നത് കേട്ടിട്ടുണ്ട്.

എന്നെ പഠിപ്പിച്ച അദ്ധ്യാപകരെല്ലാം ശ്രേഷ്ഠന്മാരായിരുന്നുവല്ലോ എന്ന് എല്ലാ ദിവസവും അഭിമാനപൂർവം ഓർക്കാറുണ്ട്. പെൻഷൻ പറ്റിയ ശേഷവും പലപ്പോഴും സാറിനെ കണ്ടിട്ടുണ്ട്. അടുത്ത കാലത്ത് ശ്രീവരാഹം ക്ഷേത്രത്തിൽ തൊഴാൻ വന്നപ്പോൾ ഞാൻ സാറിനെ കണ്ടു സംസാരിച്ചിരുന്നു. 2007 ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രകാശനം ചെയ്ത വീണാബോധിനീ എന്ന എന്റെ പുസ്തകം സാറിന് കൊടുത്ത് ആശീർവാദം വാങ്ങണമെന്നുണ്ടായിരുന്നു. സാധിച്ചില്ല.

# സ്നേഹിക്കാൻ പറ്റിയ വ്യക്തി

**നൃത്തശ്രീ വിജയഭാനു**
കെഎൻആർഎ 80. വലിയശാല, തിരുവനന്തപുരം



സ്വാതി തിരുനാൾ സംഗീത അക്കാദമിയിൽ 1956ലാണ് നൃത്ത വകുപ്പ് തുടങ്ങിയത്. അന്നുമുതൽ തുടങ്ങുന്നു എനിക്ക് സാറുമായുള്ള അടുപ്പം. എന്റെ വളരെ അടുത്ത സുഹൃത്തുമായിരുന്നു അദ്ദേഹം. തൃപ്പൂണിത്തുറ ശ്രീരാമവർമ്മ സംസ്കൃതകോളേജിൽ സംസ്കൃത ബി. എ. പാസായ എന്നോട് അദ്ദേഹത്തിന് പ്രത്യേക വാത്സല്യമുണ്ടായിരുന്നു. ജ്ഞാനസ്ഥനെങ്കിലും പ്രകടനാത്മകതയില്ല. സ്നേഹിക്കാൻ പറ്റിയ വ്യക്തി. ആരേയും വെറുപ്പിക്കത്ത പെരുമാറ്റം. ഒരിക്കൽ അദ്ദേഹം വ്യാസദർശനം എന്ന പേരിലുള്ള ഒരു സംസ്കൃത പുസ്തകം എനിക്ക് സമ്മാനമായി തന്നു. അത് സാറിന് എന്നോടുള്ള സ്നേഹത്തിന്റെ പ്രതീകമെന്ന നിലയിൽ ഇപ്പോഴും ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. നല്ലൊരു അധ്യാപകൻ. പഠിപ്പിക്കാനുള്ള രീതി അറിയാം. ഒരിക്കൽ ഒരു ശ്ലോകത്തിലെ പശുപതി എന്ന പദത്തിനർഥം അറിയാതെ പലരോടും ചോദിച്ചു. കൃത്യമായ അർത്ഥം കിട്ടിയില്ല. ശർമ്മസാറിനോട് ചോദിച്ചപ്പോൾ പശുപതി ശിവനാണ് എന്നും ശിവൻ എങ്ങനെ പശുപതിയായി എന്നും ശിവതത്വം വിവരിച്ച് പറഞ്ഞപ്പോഴാണ് ആ പദത്തിന് നൃത്തത്തിൽ നൽകേണ്ട ഭാവം എനിക്ക് മനസ്സിലായത്. ഒറ്റനോട്ടത്തിൽ അദ്ദേഹം കേവലം ശുദ്ധനാണ് എന്ന് തോന്നാമെങ്കിലും. യഥാർത്ഥത്തിൽ വളരെ ബുദ്ധിമാനാണ്. ശർമ്മസാർ അക്കാഡമി വിട്ടതിനുശേഷം. നൃത്തത്തിന് സംസ്കൃതപഠനം ആവശ്യമില്ല എന്നൊരു അഭിപ്രായമുണ്ടാകുകയും. സംസ്കൃത നിറുത്തലാക്കാനുള്ള ശ്രമമുണ്ടാകുകയും ചെയ്തപ്പോൾ ശർമ്മാസാറ് എനിക്ക് നൽകിയ ആത്മീയ പിന്തുണ കൊണ്ടാണ് ആ സംരംഭത്തെ പരാജയപ്പെടുത്തുവാൻ സാധിച്ചത്. സംസ്കൃതത്തോട് അദ്ദേഹത്തിന് ഉണ്ടായിരുന്ന ആത്മബന്ധം അത്രയ്ക്കായിരുന്നു. 1977ൽ ഞാൻ പെൻഷൻ പറ്റിയശേഷം അദ്ദേഹത്തെ ക്ഷേത്രങ്ങളിൽ വച്ച് കാണാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മനസ്സിന് ശാന്തി പകരുന്നതായിരുന്നു.